വൈദ്യുതി കമ്പി പൊട്ടിവീഴുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ

33 (3186) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015 മേയ്, ജൂൺ മാസങ്ങളിൽ ശക്തമായ കാറ്റിലും മഴയിലും വൈദ്യുതി കമ്പി പൊട്ടിവീണ് എത്ര അപകടങ്ങൾ കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അപകടം പറ്റിയവർക്കും കെ. എസ്. ഇ. ബി. എന്തെങ്കിലും സഹായം നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ദിവസക്കൂലിക്കാരുടെ ജീവനുകൾ വിലയുള്ളതായാണ് അപകടം ഉടൻ കാരണമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു അപകടം ഉണ്ടാകുകയും ഒരാൾ മരിക്കുകയും ചെയ്തു. വൈദ്യുതി സെക്ഷന്റെ പരിധിയിൽ 23/06/2015-ൽ ഉണ്ടായ പ്രസ്തുത അപകടത്തിൽ സുജിത് കുമാർ എന്ന വ്യക്തിയാണ് മരിച്ചത്.

(ബി) വൈദ്യുതാപകടങ്ങളിൽപ്പെട്ട് മരണമടയുന്ന പൊതുജനങ്ങളുടെ ആശ്രിതരായവർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 5 ലക്ഷം രൂപയും അപകടത്തിൽപ്പെടുന്നവർക്ക് അപകടത്തിന്റെ തീവ്രതയനുസരിച്ച് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി ₹ 5,00,000 രൂപ) അനുവദിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി നടപ്പിലാക്കിയ പദ്ധതികൾ

34 (3187) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ എത്ര വൈദ്യുതിയാണ് ലാഭിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly